**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1376** **15-10-2026-ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാമ്പുഴ അഥവാ കല്ലായിപ്പുഴ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികളുടെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ സ്ഥലം സന്ദർശനത്തിന്റെ തുടർച്ചയായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** സ്ഥലം സന്ദർശനത്തിന്റെ ഭാഗമായി ലഭിച്ച വസ്തുതകൾ ടൂറിസം വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി ഇക്കാര്യത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതാണ്.

**(ബി)** മാമ്പുഴ അഥവാ കല്ലായിപ്പുഴയുടെ സ്വാഭാവിക ഭംഗിയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷവും നിലനിർത്തിക്കൊണ്ട് ഇക്കോ-ടൂറിസം, വാട്ടർ കനാൽ/ടൂറിസം സർക്യൂട്ട് എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് ഏതെങ്കിലും പ്രത്യേക പ്രൊപ്പോസൽ തയാറാക്കിയിട്ടുണ്ടോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത മേഖലയിൽ ജലഗതാഗതവും വിനോദസഞ്ചാരവും സമന്വയിപ്പിച്ചുകൊണ്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നത് എന്ന് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത പദ്ധതിക്ക് പുറമേ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മറ്റ് സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെയും ചാലിയാർ ടൂറിസം, പൊൻപറക്കുന്ന്, ഊർക്കടവ് മുതൽ ആരംഭിച്ച് വരുന്ന കടലുണ്ടി പക്ഷി സങ്കേതം കോർത്തിണക്കി ഒരു പ്രത്യേക 'ടൂറിസം സർക്യൂട്ട്' ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**